പ്രമേയം നമ്പർ 3

പാട്ടബാക്കി റദ്ദാക്കുന്നതിനും പാട്ടബാക്കി ഈടാക്കുന്നതിനും വേണ്ടി കൊടുത്തിട്ടുള്ള കേസ്സുകൾ

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഞാൻ താഴെ പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു;

''പാട്ടബാക്കി ഈടാക്കുന്നതിനു വേണ്ടി ആയിരക്കണക്കിനു കൃഷിക്കാർക്കെതിരായി കേസ്സുകളും ലേലനടപടികളും നിലവിലിരിക്കുന്നതു പരിഗണിച്ച് 1.1.1970നു മുമ്പുള്ള പാട്ടബാക്കിയാകെ റദ്ദു ചെയ്തുകൊണ്ടും പാട്ടബാക്കി ഈടാക്കുന്നതിനുള്ള കേസ്സുകളും വിധി നടത്തുകളും സ്റ്റേ ചെയ്തു കൊണ്ടും നിയമ നിർമ്മാണം നടത്തുവാൻ ഈ സഭ ഗവൺമെൻറിനോട് ആവശ്യപ്പെടുന്നു.''

സർ, നമ്മുടെ സംസ്ഥാനത്ത് കേരള ഭൂപരിഷ്കരണ ഭേദഗതി നിയമം നിലവിൽ വന്നതിനുശേഷം 25 ലക്ഷത്തോളം ആളുകൾക്ക് ഗുണം കിട്ടിയിട്ടുണ്ടെന്നുള്ളത് നേരാണ്. പക്ഷേ പാട്ടബാക്കിയുടെ കാര്യത്തിൽ രണ്ടു ലക്ഷത്തോളം കേസ്സുകളുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഈ രണ്ടു ലക്ഷം കേസ്സുകളും വിവിധ ട്രൈബ്യൂണലുകളിലും കോടതികളിലുമാണ്. അൻപത്തിമൂവായിരത്തിൽ പരം കേസ്സുകൾ ഇപ്പോൾ തന്നെ വിധിയായിട്ടുണ്ട്. ആ വിധിയുടെ അടിസ്ഥാനത്തിൽ പാട്ടബാക്കി ഒടുക്കുന്നില്ലെങ്കിൽ പിന്നെ സ്വാഭാവികമായും റവന്യൂ റെക്കവറി നടപടിയായിരിക്കും വരിക. പണം അടയ്ക്കാൻ കഴിയാത്ത കൃഷിക്കാർക്ക് ഭൂമി നഷ്ടപ്പെടുന്ന സ്ഥിതിയുമാണ് ഇതുകൊണ്ട് ഉണ്ടാകാൻ പോകുന്നത്. നിയമത്തിന്റെ പ്രത്യേകതകൾ കൊണ്ട് പാട്ടബാക്കി വരുത്തിയിട്ടുള്ള കൃഷിക്കാരിൽ നാല്പൊരു വിഭാഗം ആളുകളെ കുടിയായ്മക്കാരായി അംഗീകരിക്കുകയും നിയമത്തിന്റെ ആനുകൂല്യം അവർക്കു ലഭിക്കുകയും ചെയ്യും. അവർക്ക് രേഖ ഒന്നും ഇല്ലാത്തതിനാൽ എന്തായിരുന്നു പാട്ടം എന്ന് നിർണ്ണയിക്കാൻ കഴിയുമായിരുന്നില്ല. കാർഷിക ഭൂപരിഷ്കരണ ഭേദഗതി നിയമപ്രകാരം ന്യായപ്പാട്ടം നിശ്ചയിക്കുന്നതിന് നിയമത്തിൽ ചില വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥ പ്രകാരം കരാർ പാട്ടത്തിന്റെ അൻപതു ശതമാനം ന്യായപ്പാട്ടമായി കണക്കാക്കും. രേഖയില്ലാത്തതുകൊണ്ട് ആ ഭൂമിയുടെ ഉടമസ്ഥൻമാർ കരാർ പാട്ടം വളരെ ഏറെ ആണെന്നു പറയും. അങ്ങനെ പറയുമ്പോൾ അതിന്റെ നേർ പകുതിയായി ന്യായപ്പാട്ടം നിശ്ചയിക്കും. ഈ തരത്തിൽ പാട്ടം വളരെ ഉയർത്തിയതിന്റെ ഫലമായി പാട്ടബാക്കി സംഖ്യ വർദ്ധിച്ചിട്ടുള്ള നിരവധി കേസ്സുകൾ കോടതികളിൽ കാണാൻ കഴിയും. കൊടുക്കാനാഗ്രഹിച്ചാൽ പോലും അവർക്ക് താങ്ങാനാകാത്ത വിധത്തിലുള്ള പാട്ടബാക്കി സംഖ്യക്ക് വിധിയായിട്ടുണ്ട്. ഇത് പാട്ടബാക്കിയുടെ കാര്യത്തിൽ ഒരു പ്രധാന ഘടകമാണ്. നെല്ല്, കപ്പ മുതലായവ കൃഷി ചെയ്യുന്ന കൃഷിക്കാർ കഴിഞ്ഞ നാലഞ്ചു വർഷമായി വളരെ ബുദ്ധിമുട്ടിലാണ്. അവരുടെ ഉല്പന്നങ്ങൾക്കു വിലയില്ല, അതംഗീകരിച്ചതു കൊണ്ടാണല്ലോ അപര്യാപ്തമാണെങ്കിലും ഗവൺമെൻറ് താങ്ങുവില പ്രഖ്യാപിച്ചത്. കഴിഞ്ഞ വർഷം തന്നെ അത് ഒരു പരിധി വരെ നടപ്പാക്കുകയും ചെയ്തു. ഉല്പന്നങ്ങൾക്കു വിലയില്ലാതെ വരികയും അൻപത്തിമൂവായിരം കേസ്സുകളിൽ വിധി ഉണ്ടാകുകയും ചെയ്തു. അതിന്റെ ഫലമായി വിഷമതയനുഭവിക്കുന്ന കൃഷിക്കാർക്ക് ആ പാട്ടബാക്കി അടച്ചു തീർക്കാൻ കഴിയാതെ വന്നിട്ടുണ്ട്. പാട്ടബാക്കി അടയ്ക്കാവുന്ന സ്ഥിതിയിലല്ല നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഇവർക്ക് ആശ്വാസമേകുക എന്നുള്ളത് ഇന്ന് ഒരു അടിയന്തിരാവശ്യമായി തീർന്നിരിക്കുകയാണ്. ആരും മന:പൂർവമായി പാട്ടബാക്കി വരുത്തിയതല്ല. കാർഷിക പരിഷ്കരണനിയമം മൂലം കൃഷിക്കാരെ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിച്ച് ഒൻപതു വർഷം കഴിഞ്ഞപ്പോഴാണ് പാട്ടബാക്കിയുടെ പേരിൽ നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാരനു ഭൂമി നഷ്ടപ്പെടുക എന്ന ദുരന്തം ഉണ്ടാകാൻ പാടില്ല.

ഈ പ്രശ്നം പരിശോധിക്കുമ്പോഴും പ്രധാനമായും നെൽക്കൃഷി പ്രദേശത്തെയാണ് ഏറ്റവും സാരമായി ബാധിക്കുന്നത് എന്നു മനസ്സിലാക്കാൻ കഴിയും. രണ്ടു ലക്ഷം കേസ്സുകളിലും വിധിയായ അമ്പത്തിമൂവായിരം കേസ്സുകളിലും ഏറ്റവും അധികം കേസ്സുകളും ഉള്ളത് കണ്ണൂർ, മലപ്പുറം, പാലക്കാട് തൃശ്ശൂരിലെ തലപ്പള്ളി താലൂക്ക് എന്നിവിടങ്ങളിലാണ്. മറ്റു ജില്ലകളിൽ ഇല്ലെന്നല്ല പറയുന്നത്. ഇവിടെയുള്ള അത്ര കേസ്സുകളും മറ്റു ജില്ലകളിൽ ഇല്ല. ഏതായാലും നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നമായിത്തീരും ഇത്. ഇക്കാര്യം ഗവൺമെൻറും അംഗീകരിക്കും എന്നാണ് എന്റെ വിശ്വാസം. ഇക്കാര്യം വളരെ ഗൗരവമുള്ളതാണെന്നും അടിയന്തിരമായി പരിഹാരം കാണേണ്ടതാണെന്നും റവന്യൂ മന്ത്രിക്കു തന്നെ ബോധ്യമുള്ളതാണ്. അത്ര ഗുരുതരമായ പ്രശ്നമായിത്തീർന്നിരിക്കുകയാണ് ഇത്. നിയമ പ്രകാരം ആനുകൂല്യം ലഭിച്ച കൃഷിക്കാർക്ക് കാർഷിക പരിഷ്ക്കരണ നിയമം നിലവിൽ വന്ന് ഒമ്പതു വർഷം കഴിഞ്ഞതിനുശേഷവും പാട്ടബാക്കിയുടെ പേരിൽ അവരുടെ ഭൂമി നഷ്ടപ്പെടുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ഒരിക്കലും ഉണ്ടാകരുത്. അതുകൊണ്ട് ഇത്തരം പാട്ടബാക്കിയുള്ള കൃഷിക്കാർക്ക് അതടയ്ക്കുന്നതിന് സാവകാശം കൊടുക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം വേണ്ടിവരും. ആ നിയമനിർമ്മാണം അടിയന്തിരമായും സർക്കാർ കൊണ്ടുവരണം. പാട്ടബാക്കി റദ്ദു ചെയ്തുകൊണ്ടും പാട്ടബാക്കിക്കുവേണ്ടി ഇന്നു നിലവിലുള്ള കേസ്സുകളും സ്റേ ചെയ്തുകൊണ്ടും അടിയന്തിരമായി നിയമനിർമ്മാണം വേണമെന്നുള്ളതാണ് എന്റെ പ്രമേയത്തിന്റെ സത്ത. ഈ പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. പ്രമേയ കർത്താവുതന്നെ ഇവിടെ പറഞ്ഞു കണ്ണൂർ ജില്ലയുടെ വടക്കൻ ഭാഗങ്ങളിലും മലപ്പുറം ജില്ലയിലും, തലപ്പള്ളി താലൂക്കിലും ആണ് കേസ്സുകളും ധാരാളമുള്ളതെന്ന്. നമ്മുടെ സംസ്ഥാനത്ത് കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ ശ്രമിച്ച എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ് ഈ പ്രദേശങ്ങളിലെ കൃഷിക്കാർക്ക് ഭാരിച്ച കടം കൊടുക്കേണ്ടി വന്നത്. നാണ്യ വിളകളും ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാർ കൊടുക്കേണ്ട പാട്ടത്തെപോലെ പരിമിതമായ സംഖ്യയല്ല, നെൽക്കൃഷിക്കാർക്ക് കൊടുക്കേണ്ടി വന്നത്. ഭൂരിപക്ഷം ആളുകൾക്കും കൈവശാവകാശം ഉണ്ടായിരുന്നില്ല. അതിന്റെ ഫലമായി ഭൂപരിഷ്കരണ നിയമ പ്രകാരം ഇന്നു കൊടുക്കേണ്ടി വരുന്ന പ്രതിഫല സംഖ്യയും പാട്ടബാക്കിയും ഒന്നിച്ചു കൊടുക്കാൻ കൃഷിക്കാർ നിർബന്ധിതനാകുക എന്നു പറഞ്ഞാൽ അവന്റെ ഭൂമി കൈവിട്ടു കൊടുക്കാൻ മാത്രമേ നിർവാഹമുള്ളു. ഉദാഹരണത്തിന് ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്, 200 പറ പാട്ടം കൊടുക്കുന്ന കൃഷിക്കാരനു മര്യാദപ്പാട്ടം 100 പറ ആക്കിയാൽ പതിനാറായിരത്തോളം പറ നെല്ലു കൊടുക്കണമെന്നാണല്ലോ വ്യവസ്ഥ. ആ പതിനാറായിരം പറ നെല്ലിനു ഇന്നു കണക്കാക്കപ്പെടുന്ന റേറു പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

ആ സംഖ്യയുടെ ഒരു ഗഡുവും ഈ പാട്ടബാക്കിയുംകൂടി കൊടുക്കണമെന്നു പറഞ്ഞാൽ ഇന്ന് നമ്മുടെ സംസ്ഥാനത്തെ നെൽക്കൃഷിക്കാരെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നത്തിൽ നിന്ന് അവർക്ക് എങ്ങിനെ മോചനം കിട്ടുമെന്ന് ഗൗരവപൂർവം ചിന്തിക്കേണ്ടതാണ്. കാർഷിക പരിഷ്കരണ നിയമത്തിന്റെ ഫലമായിട്ട് പാടത്ത് പണിയെടുത്തവനും കന്നു പൂട്ടിയവനും വേദനിച്ചു തമ്പുരാന്റെ പടിക്കലേക്ക് നെല്ലളന്നവനുമായ ആയിരക്കണക്കിനു കൃഷിക്കാരുടെ ജീവിതം തകർക്കപ്പെട്ടു എന്ന വസ്തുത ഗവൺമെന്റ് മനസ്സിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവനെപ്പറ്റിയായിരുന്നു നമ്മുടെ കർഷക പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെല്ലാം പാടിയ പാട്ടുകളും. നമ്മുടെ രാജ്യത്തെ കവികളും എഴുതിയ പാട്ടുകളും എല്ലാം അവനെപ്പറ്റിയായിരുന്നു. നെൽപ്പാടത്തു കന്നു പൂട്ടിയവനെയും ചളി പുരണ്ടവനെയും കുറിച്ചായിരുന്നു ആ പാട്ടുകളെല്ലാം. അവൻ കൊയ്തെടുക്കുന്ന നെൻമണികളും അവന്റെ കുടുംബത്തിലുള്ള ആളുകൾക്ക് ആയിരിക്കാൻകഴിയാത്ത ഒരു വ്യവസ്ഥിതിക്കെതിരെ നിഷ്ഠൂരമായി പോരാടിയ പ്രസ്ഥാനത്തിന്റെ ആളുകളാണ് നമ്മളും എല്ലാവരും. ഏതാവശ്യത്തിനുവേണ്ടി പോരാടിയോ ആ നിയമം സഫലീകരിച്ച് ഒമ്പതു കൊല്ലക്കാലം കഴിഞ്ഞതിനു ശേഷവും പാട്ടബാക്കിക്ക് വേണ്ടി രണ്ടുലക്ഷത്തോളം വരുന്ന കൃഷിക്കാരൻ അവന്റെ കൈവശഭൂമി വിട്ട് മലയോരത്തിലേക്ക് കയ്യേറക്കാരനായി പോകേണ്ടിവരുന്ന ഗതികേടിലേക്കോ അല്ലെങ്കിൽ അറബിക്കടലിൽ പോയി മരിക്കേണ്ടി വരുന്ന ഗതികേടിലേക്കോ എത്തിക്കുന്ന ദുരവസ്ഥയിൽ നിന്ന് പാവപ്പെട്ട കൃഷിക്കാരനെ രക്ഷിക്കുന്നതിന് ഭേദഗതികൊണ്ടുവരണമേ എന്നാണ് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: പാവപ്പെട്ട കൃഷിക്കാരനെ രക്ഷിച്ചാൽ പോരെ?

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: പാവപ്പെട്ട കർഷകനാണ് ഈ പാട്ടം കൊടുക്കേണ്ടത്. നൂറു പറയും, അമ്പതു പറയും, രണ്ടായിരം പറയും, മൂവായിരം പറയും, പാട്ടം കൊടുക്കേണ്ടവർ ഈ രാജ്യത്തെ പ്രമാണികരാണെന്ന അഭിപ്രായം എനിക്കില്ല. ശ്രീ. സി. എച്ച്. മുഹമ്മദ് കോയക്ക് അദ്ദേഹം മലപ്പുറം ജില്ലയിലും മറ്റും ചെന്നാൽ നിങ്ങൾക്ക് സിന്ദാബാദ് വിളിക്കുന്ന ആയിരക്കണക്കായ കൃഷിക്കാർ പാട്ടബാക്കി കൊടുക്കാൻ കഴിയാതെ, തന്റെ കൈവശഭൂമി നിലനിറുത്താൻ കഴിയാതെ വിഷമിക്കുന്നവരാണെന്ന വസ്തുത നിഷേധിക്കുവാൻ കഴിയുകയില്ല.

ശ്രീ.സി. എച്ച്. മുഹമ്മദ് കോയ: അവർക്ക് എന്തെങ്കിലും ചെയ്യണം. പക്ഷേ പാവപ്പെട്ടവർക്കു മാത്രമേ ചെയ്യാൻ ഒരുക്കമുള്ളൂ.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: അതു ഗവൺമെന്റിന്റെ സമീപനം ആണ്. നിങ്ങളും ആർക്ക് കൊടുക്കും. ആർക്ക് കൊടുക്കുകയില്ല എന്നത് നിങ്ങളുടെ നയത്തെ ആശ്രയിച്ചിരിക്കും. ഈ പാട്ടബാക്കിയിൽ നിന്ന് ഒഴിവാക്കണം എന്നതാണ് ഞങ്ങൾക്കു പറയാനുള്ളത്. നമ്മുടെ രാജ്യത്തെ കൃഷിക്കാരെ രക്ഷിക്കുന്നതിന് ആവശ്യമായ നടപടി എടുക്കണം. ഇന്നത്തെ നിലയിൽ പ്രതിഫലവും പാട്ടബാക്കിയും കൊടുക്കുകയാണെങ്കിൽ അവന്റെ ഭൂമി സ്വായത്തമാക്കാൻ കഴിയുകയില്ല. ഈ പാട്ടബാക്കി കൊടുക്കാനുള്ള കൃഷിക്കാരനെ വിളിച്ചു നോക്കിയാൽ ആ മനുഷ്യന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രാകൃതമായ ദേഹവും അവന്റെ മുഖവും കണ്ടാൽ അവൻ പ്രമാണിയാണോ എന്നു നിങ്ങൾക്കു മനസ്സിലാകും. കാസർകോട് പ്രദേശത്ത് കൈവശരേഖ ഇല്ലാത്തവരാണ് ഉള്ളത്. തെളിയിക്കാൻ സാധിക്കാത്തവരാണ്. ഭൂവുടമ ഇത്ര പാട്ടമെന്നു പറഞ്ഞാൽ അത്രതന്നെ കൊടുക്കാൻ ബാദ്ധ്യതപ്പെട്ടവരാണ്. ഈ സഭയിലെ എല്ലാ ഭാഗത്തുനിന്നും ഉള്ള ആളുകൾ പാട്ടബാക്കി റദ്ദു ചെയ്യണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കു തന്നെ അറിയാമല്ലോ. പാട്ടബാക്കി റദ്ദാക്കണമെന്നു പറഞ്ഞ് എത്ര സ്റ്റേ ആണ് കൊടുക്കേണ്ടിവന്നത്. അപ്പോൾ പ്രശ്നം ലഘുവല്ല. സങ്കീർണ്ണമായ ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. ഇ. കെ. പിള്ള: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

''പ്രമേയത്തിൽ ആറാമത്തെ വരിയിൽ വിധി നടത്തുകയും'' എന്നു കഴിഞ്ഞ് 'എത്രയും വേഗം ' എന്നു കൂടി ചേർക്കണം.

പ്രമേയത്തിന്റെ ഉള്ളടക്കത്തോടും പ്രമേയം അവതരിപ്പിച്ചുകൊണ്ടു സംസാരിച്ച കാര്യങ്ങളോടും യോജിക്കുന്നു. ഭൂപരിഷ്കരണ നടപടിമൂലം ജൻമിത്തം അവസാനിപ്പിച്ച ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം ജൻമിക്കു കൊടുക്കാനുള്ള തുക കൊടുക്കുന്നില്ലായെന്നതിന്റെ പേരിൽ കൃഷിക്കാരന് ഭൂമി നഷ്ടപ്പെടരുത് എന്നുള്ള ഉദ്ദേശ്യം വെച്ചുകൊണ്ടാണ് ഇതിനെ പിന്താങ്ങുന്നത്. കേരളം ഒന്നാകുമ്പോഴും തിരുവിതാംകൂറിലും കൊച്ചിയിലും വ്യത്യസ്തമായ പാട്ടവാരവും കൈവശാവകാശം സംബന്ധിച്ച നിയമങ്ങളുമൊക്കെയായിരുന്നു. മലബാറിലുള്ള 36 താലൂക്കുകളിൽ മര്യാദപ്പാട്ടം പോലും നിശ്ചയിച്ചിരുന്നില്ല. മര്യാദപ്പാട്ടം പോലും നിശ്ചയിക്കാത്തതുകൊണ്ട് വർദ്ധിച്ച തുകയാണ് കൊടുക്കേണ്ടിവരുന്നത്. അതിന്റെ പേരിൽ പതിനായിരക്കണക്കിനു കൃഷിക്കാർ കോടതിയിൽ കേസ്സുകളുമൊക്കെയായി ബുദ്ധിമുട്ടുകയാണ്. ഇത്തരത്തിൽ കേസ്സുകളിൽ കുടുങ്ങിയ കൃഷിക്കാർക്ക് ഭൂമി നഷ്ടപ്പെടാൻ ഉള്ള സാഹചര്യം ഉണ്ടാകും. അത് ഒഴിവാക്കണം. ആ കൃഷിക്കാർക്ക് സഹായം നൽകേണ്ടത് ഈ പരിഷ്കൃത ഗവൺമെന്റിന്റെ കടമയാണ്.

ശ്രീ. പി. ആർ. കുറുപ്പ്: ഈ പ്രമേയത്തോട് പൂർണ്ണമായി യോജിക്കുന്നു. കുടിയാൻമാർക്കുള്ള വിഷമങ്ങളെല്ലാം പ്രമേയാവതാരകനും അനുകൂലിച്ചു സംസാരിച്ച മെമ്പറും വ്യക്തമാക്കിയിട്ടുണ്ട്. മൗലികമായി പരിശോധിച്ചാൽ ഭൂപരിഷ്കരണ നിയമത്തിന്റെ കഴുത്തിനു കത്തി വയ്ക്കുന്ന സമ്പ്രദായമാണ്. ഇതു നിലനിറുത്തുന്നതിന്റെ ഫലമായി ഉണ്ടാകുന്നത് എന്നു തോന്നിപ്പോകുന്നു. ജൻമിത്തം അവസാനിച്ചു കഴിഞ്ഞുവെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞിട്ടും കുടിയാൻമാർ ജൻമിക്ക് പാട്ടബാക്കി കൊടുക്കണമെന്ന വ്യവസ്ഥ നിലനിൽക്കുകയാണ്. ഒരളവോളം നിയമനിർമ്മാണത്തിൽ തലപൊക്കുന്ന പാട്ടബാക്കി ഇതിനു കാരണമാക്കി എന്നുള്ളത് ഒരു വസ്തുതയാണ്. ബഹുമാനപ്പെട്ട ഇ. എം. എസ്. ഗവൺമെന്റ് ഒരു നിയമം അവതരിപ്പിച്ചു. അതിനെത്തുടർന്ന് ആ നിയമത്തിനു ഭേദഗതികളും മാറ്റൊലികളും സ്തംഭനങ്ങളും ഒക്കെ വന്നുകൊണ്ടിരുന്നു. ഒടുവിൽ പരമമായി അവതരിപ്പിച്ചപ്പോഴും ഇതേ അവസ്ഥ വന്നു. ഈ കാലഘട്ടത്തിലെല്ലാം കുടിയാൻമാർ പാട്ടം കൊടുക്കുന്നതിൽ വൈജാത്യം കാണിക്കുമെന്നുള്ളതു ശരിയാണ്. ഇന്ന് ഇത് കനത്ത ഭാരമായി തീർന്നിരിക്കുകയാണ്. രക്ഷപ്പെടാൻ കുടിയാന് സാധിക്കാത്ത ഒരവസ്ഥ വന്നിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രമേയം തികച്ചും പൂർണ്ണമായി അംഗീകരിച്ചു സംരക്ഷണം നൽകണമെന്നു ഞാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സിറിയക് ജോൺ: സർ, എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ ആറാമത്തെ വരിയിൽ 'വിധി നടത്തുകളും' എന്നതിനു ശേഷം 'സ്റേ' എന്നതിനു പകരം 'ദുർബലപ്പെടുത്തുകയും' എന്നാക്കി എഴുതി ബാക്കി ഭാഗം വായിക്കുക.

ജൻമിത്തം കുഴിച്ചു മൂടിയ സംസ്ഥാനമെന്നാണ് നമ്മെ അവകാപ്പെടുന്നത്. പക്ഷേ നമ്മുടെ സംസ്ഥാനത്തുള്ള പത്തു ശതമാനം ജനങ്ങളെ എങ്കിലും ജൻമിത്തത്തിന്റെ പ്രേതം ബാധിച്ചിരിക്കുന്നു എന്നുള്ളത് വാസ്തവത്തിൽ വളരെ സങ്കടകരമാണ്. പാട്ടബാക്കിക്കുവേണ്ടി കേസ്സെടുത്ത് ഇപ്പോഴും വിധിയായിരിക്കുന്ന കേസ്സുകളെ സംബന്ധിച്ചിടത്തോളവും ബാക്കിയുള്ള ഒന്നര ലക്ഷം കേസ്സുകളെ സംബന്ധിച്ചും ഇവിടെ പറഞ്ഞു. ഇതിൽത്തന്നെയും വളരെ ദയനീയമായ ഒരു വസ്തുതയുണ്ട്. പലതും യഥാർത്ഥത്തിൽ പാട്ടം നൽകിയതാണ്. പാവപ്പെട്ട കൃഷിക്കാരൻ സാധാരണ ജൻമിമാരിൽ നിന്നു രസീതു വാങ്ങാറില്ല. വിശേഷിച്ചും പാലക്കാട്, ചിറ്റൂർ താലൂക്കുകളിലും മറ്റും ചെട്ടിയാർ സമുദായത്തിൽപെട്ടവർ ഒക്കെ ഉണ്ട്. അവർ ജൻമിമാരിൽ നിന്ന് യഥാസമയം രസീതു വാങ്ങാറില്ല. രസീതു വാങ്ങാതെ പാട്ടം അളന്നുകൊടുത്തിട്ടുള്ളതാണെങ്കിൽ പോലും അങ്ങനെയുള്ളവരുടെ പേരിലും കേസ്സെടുത്ത് അവരിന്നു കോടതികളിൽ കറങ്ങി നടക്കേണ്ടി വന്നിരിക്കുന്നു. അവരിൽ പലരുടെയും മാനസികമായ സമനിലപോലും നഷ്ടപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് വസ്തുത. നമ്മെ പണ്ടു പാടിക്കൊണ്ടിരുന്ന വളരെ പ്രസിദ്ധമായ ഒരു പാട്ടുണ്ട്, 'നമ്മളു കൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയേ' എന്ന പാട്ട്. ഇത്തരത്തിലുള്ള ആളുകളെ ഇന്ന് അതിനെക്കുറിച്ച് പരിഹാസ ദൃഷ്ടിയോടെയായിരിക്കും ആലോചിക്കുക. വളരെക്കാര്യങ്ങൾ ചെയ്തിട്ടുള്ള ഒരുപുരോഗമന ഗവൺമെൻറാണ്, അതുകൊണ്ട് ഗവൺമെൻറ് ആലോചിക്കണം. പാട്ടബാക്കി സ്റേ ചെയ്യുക മാത്രമല്ല, അതിനെ സംബന്ധിച്ചുള്ള നടപടികളും മുഴുവൻ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള ഭേദഗതി കൊണ്ടുവരിക തന്നെ വേണം എന്ന് എന്റെ ഭേദഗതിയിലൂടെ ഞാനാവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട രാമപ്പയുടെ ഭേദഗതി ആർഡറിലല്ല. കാസർകോടിന്റെ പ്രത്യേക സാഹചര്യം പറയാനുണ്ടാകുമെന്നുള്ളതുകൊണ്ട് സംസാരിക്കാം.

Shri M. Ramappa: In Kasargode area there was no legislation before the implementation of K. L. R. Act. Even the Malabar Tenancy Act was not applicable there. Now the landlords seek action just to dispossess the land from the hands of tenants, by resorting to cases of arrears of rent. So I request the Minister at least to see somehow that the arrears of rent is completely wiped out. If that is not possible measures should be taken to bring some other legislation where they can be given some relief. At the same time according to our legislation the arrears of rent have to be collected at the rate of contract rent—rent prevailing before the K. L. R. Act. So I want another amendment to the K.L.R. Act that arrears of rent could be collected only at the rate of fair rent. At least this will save us to a great extent. In the meanwhile I want the government to bring a stay for all the R.R. proceedings till something is done.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: സർ, എന്റെ ഭേദഗതി ഞാനവതരിപ്പിക്കുന്നു. പ്രമേയത്തിന്റെ 7.ാം വരിയിൽ 'ചെയ്തുകൊണ്ടും' എന്നതിനു ശേഷം 'കടാശ്വാസനിയമത്തിൽ ആവശ്യമായ ഭേദഗതികളും വരുത്തിക്കൊണ്ടും' എന്നു ചേർക്കുക.

പാട്ടബാക്കികളും റദ്ദാക്കുന്ന കാര്യത്തിലും മറ്റുമൊക്കെ നിലവിലുള്ള നിയമത്തിൽ ഭേദഗതി കൊണ്ടുവരണമോ മറ്റുവിധത്തിലുള്ള നിയമം കൊണ്ടുവരണമോ എന്നെല്ലാം ഇതിന്നു മുമ്പും ആലോചിച്ചതാണ്. എന്റെ അഭിപ്രായത്തിൽ നിലവിലുള്ള നിയമത്തിൽത്തന്നെ ബഹുമാനപ്പെട്ട രാമപ്പ പറഞ്ഞതുപോലെ ചില ഭേദഗതികളും ആവശ്യമാണ്. പാട്ടബാക്കിയെ സംബന്ധിച്ചിടത്തോളം 1968-ൽ പാസ്സാക്കിയ നിയമം 1970-ൽ നടപ്പിലാക്കുമ്പോൾ 1968-നു മുമ്പുള്ളതു പാട്ടബാക്കിയാണ്. 1968 മുതൽ 1970 വരെയുള്ളതു പിന്നീടു കൊടുക്കേണ്ട പാട്ടമാണ്. യഥാർത്ഥത്തിൽ 'പാട്ടബാക്കി' 1968 നു മുമ്പുള്ളതാണ്. അഞ്ചേക്കർ വരെയുള്ളവർക്ക് നിയമപ്രകാരം 3 കൊല്ലത്തെ പാട്ടബാക്കി കൊടുക്കേണ്ടി വരുന്നു. എങ്ങനെ? 1968നു മുമ്പ് ഒരു കൊല്ലം, പിന്നെ 1968-ലേതും 1969 ലേതും കൊടുക്കേണ്ടിവരുന്നു. എത്ര ചുരുങ്ങിയാലും 3 കൊല്ലത്തെ പാട്ടബാക്കി ഇപ്പോഴും ഒരു കുടിയാൻ നിലവിലുള്ള നിയമപ്രകാരം കൊടുക്കേണ്ടി വരുന്നു. ഇത്തരം പാട്ടബാക്കികളെ കടമായി കണക്കാക്കി കടാശ്വാസനിയമത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. പാലക്കാട്, ചിറ്റൂർ, ആലത്തൂർ താലൂക്കുകളിൽ വമ്പൻമാരായിട്ടുള്ള കൃഷിക്കാരോട് അതിസമർത്ഥൻമാരായിട്ടുള്ള ചിലരുപദേശിച്ചിട്ടുണ്ട്. നിങ്ങളും പാട്ടബാക്കിയൊന്നും കൊടുക്കണ്ട, രക്ഷകിട്ടും എന്ന്. ആ തരത്തിലുള്ളവർ രക്ഷപ്പെടണം എന്നെനിക്ക് അഭിപ്രായമില്ല. അവൻ കഴിവ് ഉണ്ടായിട്ട് കൊടുക്കാതിരിക്കുന്നവനാണ്. കൊടുക്കുകയില്ലെന്നു ശാഠ്യം പിടിക്കുന്നവനാണ്. പറഞ്ഞിക്കാൻ വേണ്ടി കൊടുക്കാതിരിക്കുന്നവനാണ്. അതുകൊണ്ട് നിയമനിർമ്മാണം വരുന്ന അവസരത്തിൽ പാവപ്പെട്ട കൃഷിക്കാരെ, കൊടുക്കാൻ കഴിയാത്തവരെ, പറഞ്ഞിക്കണ്ട എന്നാഗ്രഹിക്കുന്നവരെ സഹായിക്കണം. വിളവൻമാർ ഉണ്ട് ഈ രാജ്യത്ത് കുറച്ച്. വിളവന് വലിയ രക്ഷയൊന്നും ചെയ്തുകൊടുക്കരുത് എന്നാണ് എന്റെ അഭിപ്രായം.

സാധാരണ രീതിയിൽ പാട്ടബാക്കിക്ക് കേസ്സായി; കേസ്സ് വിധിയായാൽ വസ്തുവിറ്റു പോകും. മിച്ചഭൂമി വിതരണം ചെയ്തു കൊടുക്കുന്ന രാജ്യത്ത് ഈ പ്രക്രിയയിൽ ഭൂമി ഒരുമിച്ചുകൂടാനുള്ള സാഹചര്യം ഉണ്ടാകും. വേറെ വിധത്തിൽ ഭൂമി ചിലരിൽ ഒന്നിച്ചുകൂടൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. പക്ഷേ പാട്ടബാക്കിക്ക് വിറ്റുപോയി, നിയമപ്രകാരം അതു വാങ്ങിക്കൂട്ടാൻ ഇടയാക്കരുത്. അങ്ങിനെ വാങ്ങി പിന്നെയും ഭൂമി കൂട്ടിവെക്കാനുള്ള പ്രവണത ഉണ്ടാകരുത്. അതുകൊണ്ട് കാർഷിക പരിഷ്കാരം അവസാനിക്കുന്ന ഒരു അധ്യായമായി കാണണം. ഇപ്പോഴും പാട്ടബാക്കിയുള്ള കേസ്സുകളിൽ ഭൂമി വിറ്റുപോകാതിരിക്കത്തക്ക വിധത്തിൽ ചെറുകിട വിഭാഗക്കാരെ പരിപൂർണ്ണമായും കടത്തിൽനിന്നു രക്ഷിക്കാൻ വേണ്ടി , ബാക്കി എന്നുള്ളതു ഇവിടെ 'കടം' ആയിട്ട് (ഡെബ്റ് ആയിട്ട്) അംഗീകരിക്കണം. 'പാട്ടബാക്കി' എന്നുള്ളതു അങ്ങു വിസ്മരിക്കുക. കടാശ്വാസ നിയമത്തിൽ ചെയ്ത പോലെ ഒരു നിശ്ചിത പരിധിവരെ റദ്ദു ചെയ്യണം. ആ തരത്തിലുള്ള ഒരു നിയമനിർമ്മാണം വേണം. ഇന്നത്തെ സാഹചര്യത്തിൽ അതു കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

പരിഷ്കരണം പോലെ തന്നെ പ്രാധാന്യമർഹിക്കുന്ന നിയമനിർമ്മാണമാണ്, എന്ന് അംഗീകരിച്ചുകൊണ്ട് ഗവൺമെൻറ് മുന്നോട്ടുവരണം എന്നഭ്യർത്ഥിക്കുന്നു; ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

വനവ്യു മന്ത്രി (ശ്രീ. ബേബി ജോൺ:) സർ, നമ്മുടെ സംസ്ഥാനത്തെ ഒരു വിഭാഗം കർഷകർ അനുഭവിക്കുന്ന ദുരിതത്തെ സംബന്ധിച്ചും അതിനു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടും ഉള്ള ഒരു പ്രമേയമാണ് നമ്മുടെ പരിഗണനയിലിരിക്കുന്നത്. പാട്ടബാക്കി റദ്ദാക്കുക എന്ന മുദ്രാവാക്യം നമ്മുടെ സംസ്ഥാനത്ത് ഇന്നും ഇന്നലെയും ഉദിച്ചു തുടങ്ങിയതല്ല. നമ്മുടെ സംസ്ഥാനത്ത് പെസൻറ് മൂവ്മെൻറ് ശക്തിപ്പെടാൻ തുടങ്ങിയതിൻെറ അത്ര തന്നെ പഴക്കമുണ്ട്, ഈ മുദ്രാവാക്യത്തിന്. നമ്മുടെ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക മണ്ഡലങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരണമായി ആ മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളും കാലാകാലങ്ങളിൽ നാം സ്വീകരിച്ചിട്ടുണ്ട്. ആദ്യം പാട്ടരസീതിനു വേണ്ടിയുള്ള സമരമായിരുന്നു. അങ്ങനെ കർഷകൻെറ ആ പ്രയാസങ്ങളെ സംബന്ധിച്ചു നോക്കുമ്പോൾ വളരെയേറെ പ്രയാസകരമായ സാഹചര്യങ്ങളിൽ ശക്തമായ മൂവ്മെൻറ് നടത്തിയതിൻെറ ഫലമായിട്ടുകൂടിയാണ് ഇന്നു നമ്മുടെ സംസ്ഥാനത്ത് ഇൻഡ്യയിൽ മറെറാരു സംസ്ഥാനത്തുമില്ലാത്ത രീതിയിൽ സമഗ്രമായ ഒരു ഭൂപരിഷ്കരണ നിയമം നമുക്കു നടപ്പിലാക്കാൻ കഴിഞ്ഞത്. ഏറെറവും ഒടുവിൽ 1969-ൽ ആണ് സമഗ്രമായ ഒരു ഭൂപരിഷ്കരണനിയമനിർമ്മാണ നടപടി നാം സ്വീകരിച്ചത്. അന്നും ഈ ആവശ്യങ്ങൾ പൊന്തിവന്നിരുന്നു. 1.1.70നു ശേഷവും പാട്ടംകൊടുക്കേണ്ടിവരുന്ന സ്ഥിതിയെ സംബന്ധിച്ച് ഇതു വായിക്കുന്നവർ ചിലരെങ്കിലും തെറ്റിദ്ധരിക്കും. ഇവിടെ പറഞ്ഞ മെമ്പർമാർക്കു തെറ്റിദ്ധാരണയില്ലെന്ന് എനിക്കറിയാം. പക്ഷെ ഇത് വായിക്കുന്നവരാരെങ്കിലും തെറ്റിദ്ധരിച്ചേക്കുമോ എന്നുള്ളതുകൊണ്ടാണ് ഞാൻ അതു ക്ലാരിഫൈ ചെയ്യാൻ ശ്രമിക്കുന്നത്. 1968 വരെ അഞ്ചേക്കർകാരനു് ഏത്ര കുടിശ്ശികയായാലും ഒരു വർഷത്തേതു കൊടുത്താൽ മതി. 5 മുതൽ 10 ഏക്കർ വരെ 2 വർഷത്തെ കുടിശ്ശിക കൊടുത്താൽ മതി. 10 വർഷത്തിൽ കൂടുതൽ ഉള്ളവർ 3 വർഷത്തെ കുടിശ്ശിക കൊടുത്താൽ മതി. 1.1.70 മുതൽ പാട്ടം പിന്നെ ഇല്ല. അഞ്ചേക്കർ വരെയുള്ള ഒരു കൃഷിക്കാരനു് പാട്ടബാക്കിയായി ഇന്നു കൊടുക്കേണ്ടിവരുന്നതു 3 വർഷത്തേതാണ്. 1.1.70നു ശേഷം ഇല്ല. അന്നു് ഈ നിയമനിർമ്മാണ സമയത്തും നമ്മൾ ഇതു പരിശോധിച്ചു. സഭയിൽ പല ഭാഗത്തും ശക്തമായ അഭിപ്രായങ്ങളുണ്ടായിരുന്നു. അന്നു് പാട്ടബാക്കി മുഴുവനുമായി റദ്ദു ചെയ്യാൻ നമ്മുടെ സംസ്ഥാനം പകുമായില്ല എന്ന നിഗമനത്തിലാണ് നാം അത് ഇങ്ങനെ സ്കെയിൽ ഡൗൺ ചെയ്തത്. അതിന്നുശേഷവും കുറച്ചൊക്കെ മൂവ്മെൻറിൻെറ പ്രവർത്തനങ്ങളുണ്ടായിട്ടുണ്ട്; ഇതു കൊടുക്കണ്ട, റദ്ദു ചെയ്യേണ്ടതാണ് എന്ന അവകാശത്തോടുകൂടിത്തന്നെ കൊടുക്കാതിരുന്നവരും ചില പ്രേരണകൊണ്ടു കൊടുക്കാതിരുന്നവരും യഥാർത്ഥത്തിൽ ബുദ്ധിമുട്ടുകൊണ്ടു കൊടുക്കാതിരുന്ന ധാരാളം പേരും ഉണ്ട് എന്നുള്ളതു ഞാൻ വിസ്മരിക്കുന്നില്ല. അത് അംഗീകരിക്കുന്നു.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: പ്രേരണയെന്നു പറഞ്ഞത് അത്ര ശരിയല്ല. പാട്ടം കൊടുക്കണ്ട എന്ന പ്രേരണ ഞങ്ങളാരും നടത്തിയിട്ടില്ല. ആരെങ്കിലും നടത്തുന്നുണ്ടെങ്കിൽ അവർ തന്നെ ബാധ്യത ഏറെറടുത്താൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: അങ്ങനെ പ്രേരിപ്പിച്ചു എന്നു ഞാൻ പറഞ്ഞില്ല. പാട്ട കുടിശ്ശിക റദ്ദാക്കണമെന്നാണ് നമ്മളെല്ലാവരും പറഞ്ഞിട്ടുള്ളത്. നിയമനിർമ്മാണത്തിനു ശേഷമുള്ള പാട്ടം കൊടുക്കേണ്ട. അതിനു ശേഷമുള്ള പാട്ടം കൊടുത്തിട്ടു കാര്യമില്ല. ഞാൻ ചരിത്ര പശ്ചാത്തലം വിവരിക്കുകയാണ് ചെയ്തത്. അന്നും ഞങ്ങൾ അതിനെപ്പറ്റി പരിശോധിച്ചു. പല സന്ദർഭങ്ങളിലായി ഇതിനെക്കുറിച്ചു ചർച്ച ചെയ്തു. അന്നും ഇന്നും എടുക്കുന്ന ഒരു നിലപാട് മൂലനിയമത്തിൽ മാറ്റം വരുത്താൻ സാധ്യമല്ലെന്നുള്ളതാണ്. മൂലനിയമത്തിൽ ഭേദഗതി വരുത്തുന്നത് കർഷകനു ദോഷമായിരിക്കുമെന്ന് ആത്മാർത്ഥമായി ഞാൻ വിചാരിക്കുകയാണ്. പിന്നീട് വന്ന ചില നിർദ്ദേശങ്ങളും ഉണ്ട്. ഇപ്പോഴും തന്നെ നമ്പർ കുറവൊന്നുമല്ല. ഇതുവരെ 65303 ആപ്ലിക്കേഷൻസ് റവന്യു റെക്കവറി നടപടി അനുസരിച്ച് പ്രൊസീഡ് ചെയ്യാനായിട്ടുണ്ട്. ഇനിയും കേസ്സുകളുണ്ട്.

ശ്രീ ഇ.പി. ഗോപാലൻ: പാട്ടബാക്കി 2 ഫൈറത്തിൽ വരുമല്ലോ.

ശ്രീ. ബേബി ജോൺ: അത് വേറെ കാര്യമാണ്. ഇതെല്ലാം പ്രധാനമായും മലബാർ ഏരിയായിലാണ് ഉള്ളത്. ഇതു പരിശോധിച്ചു കൊണ്ടാണ് 1970-ൽ അഗ്രിക്കൾച്ചറൽ ഡെബ്റ്റ് റിലീഫ് ആക്റ്റിനു ഒരു വ്യവസ്ഥ വെച്ചിരുന്നത്. ഈ പാട്ടബാക്കി വരുന്നവർക്ക് 5 ഹാഫ് ഇയർലി ഇൻസ്റ്റാൾമെൻറായിട്ടാണ് കൊടുക്കാൻ വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ ആ വ്യവസ്ഥ കാര്യമായി ആരും പ്രയോജനപ്പെടുത്തിയില്ല. ഇപ്പോഴത്തെ രണ്ടാമത് നിയമനിർമ്മാണം കൊണ്ടുവന്നപ്പോഴും ഇത് കൊണ്ടുവന്നില്ല. ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് ചില ആശ്വാസ നടപടികളും സ്വീകരിക്കണമെന്നുതന്നെയാണ് ഗവൺമെൻറിന്റെ അഭിപ്രായം. പക്ഷെ പാട്ടബാക്കി പൂർണ്ണമായും റദ്ദ് ചെയ്യുകയെന്നുള്ള ആശയത്തോട് ഇപ്പോഴത്തെ ഗവർമ്മെണ്ടിനു യോജിക്കാൻ ബുദ്ധിമുട്ടുണ്ട്. അതിനു പകരമായോ എന്നുള്ളതിനെക്കുറിച്ച് വിശദമായ ചർച്ച ആവശ്യമായിരിക്കുന്നു. സാമൂഹ്യക്ഷേമ പരിഷ്കരണ നിയമങ്ങളും നടപടികളും സാമൂഹ്യ സാഹചര്യങ്ങളുംകൂടി കണക്കിലെടുത്തുകൊണ്ടാണ് നിയമനിർമ്മാണം നടത്തുന്നത്. അതുകൊണ്ട് പൂർണ്ണമായും സംസ്ഥാനത്തുള്ള കർഷകരുടെ പാട്ടബാക്കി എല്ലാം റദ്ദു ചെയ്തിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ടുള്ള ഒരു നിയമനിർമ്മാണത്തിന് കാലമായോ എന്നാണ് ആലോചിക്കേണ്ടത്. ഇപ്പോഴത്തെ അതിന് കാലമായിട്ടില്ല. ശ്രീ. ഇ.പി. ഗോപാലൻ പറഞ്ഞതുപോലെ ഉള്ള വരുമാനം വയ്ക്കേണ്ടിവരികയില്ലേ? അങ്ങനെയുള്ള കാര്യങ്ങളും പരിശോധിക്കേണ്ടതായിട്ടില്ലേ ? ഇപ്പോഴത്തെ ഗവർമ്മെണ്ട് ഉദ്ദേശിക്കുന്നത് ഏതായാലും ഇവരെ ഭൂമിയിൽനിന്നും ഒഴിപ്പിക്കുന്ന ഏർപ്പാട് നിർത്തണമെന്നുതന്നെയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: വലിയ പാട്ടങ്ങളും കൊടുക്കാതിരിക്കുന്ന ആളുകൾക്ക് സംരക്ഷണം കൊടുക്കുമെന്നല്ല. വലിയ ആളുകളുടെ പേരുപറഞ്ഞ് ഇടത്തരക്കാരുടെയും ചെറുകിടക്കാരുടെയും ആനുകൂല്യങ്ങളും നിഷേധിക്കുന്ന ഏർപ്പാട് ശരിയല്ല. അതുകൊണ്ട് ഭേദഗതി കൊണ്ടുവരുന്ന സമയത്ത് ആ പരിഗണനകളെല്ലാം വച്ചുകൊണ്ട് കൊണ്ടുവരണമെന്നാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: എന്റെ അഭിപ്രായത്തിൽ ഒരു മുഴുസൂചനയും ഇല്ല. ഞാൻ പറഞ്ഞത് ഈ വരുമാനത്തെപ്പറ്റിയെല്ലാം കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. നിയമത്തിന്റെ പഴുതുകളും ഉപയോഗിച്ചുകൊണ്ട് നിയമത്തിൽനിന്നും രക്ഷപ്പെടാൻ ധനിക വർഗ്ഗം എപ്പോഴും ശ്രമിക്കും. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് അതേ സമയം ആളുകൾക്ക് പ്രയോജനം കിട്ടത്തക്കവിധത്തിൽ ഇൻസ്ട്രുമെന്റ് ഫെസിലിറ്റീസ് കൊടുക്കാനാണ് താൽക്കാലികമായി നിയമനിർമ്മാണത്തിൽ ഉദ്ദേശിക്കുന്നതിൽ ഒന്ന്. പിന്നെ കോടതിവിധി മൂലവും മറ്റും ഒഴിപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഇവർക്ക് ഫസ്റ്റ് ഇൻസ്ട്രുമെന്റ് കൊടുക്കുമ്പോൾ അവിടെത്തന്നെ റെസ്റ്റോറന്റ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പിന്നെ ഇൻസ്ട്രുമെന്റ് ഫെസിലിറ്റീസിന് തർക്കം വരാതിരിക്കാൻ ചില ഏർപ്പാടുകൾ ഉണ്ട്. ആളുകൾക്ക് ന്യായമായി കിട്ടേണ്ട അവകാശങ്ങൾ സംരക്ഷിക്കണമെന്നും ന്യായമായ അവരുടെ പരാതികൾക്ക് പരിഹാരം ഉണ്ടാക്കണമെന്നും ഉള്ള കാര്യത്തിൽ ഗവർമ്മെണ്ടിന് രണ്ട് അഭിപ്രായമില്ല. ഇപ്പോൾ ഈ പ്രമേയം അതേ പടി അംഗീകരിക്കണമെന്നു പറഞ്ഞാൽ പാട്ടബാക്കി മുഴുവൻ റദ്ദു ചെയ്യേണ്ടി വരും. ഇതിനു മുമ്പും ശ്രീ. കൃഷ്ണനുമായും കുഞ്ഞിക്കണ്ണനുമായും ഈ ഭാഗത്തുള്ള ആളുകളുമായും ഈ കാര്യം ചർച്ച ചെയ്തിട്ടുള്ളതാണ്. അപ്പോഴെല്ലാം ഗവർമ്മെണ്ട് പറഞ്ഞിട്ടുള്ളത് ഇപ്പോൾ പാട്ടബാക്കി റദ്ദു ചെയ്യുകയെന്നുള്ള മുദ്രാവാക്യം പ്രാവർത്തികമാക്കാനുള്ള സമയമായിട്ടില്ലെന്നുള്ളതാണ്. ഇവരെ ഒഴിപ്പിക്കാതിരിക്കണം. തവണ അനുവദിക്കണം. മറ്റു രീതിയിലുള്ള ആനുകൂല്യങ്ങൾ വേണം. ഗവർമ്മെണ്ടിന്റെ പരിഗണനയിലിരിക്കുന്ന നിയമ നിർമ്മാണത്തിന് കേന്ദ്ര ഗവർമ്മെണ്ടിന്റെ അനുമതി ആവശ്യമുണ്ട്.

ശ്രീ. ഇ.പി. ഗോപാലൻ: മൂന്നേക്കറോ അതിൽ താഴെയോ ഉള്ള കൃഷിക്കാരുടെ പാട്ടബാക്കിയെങ്കിലും പരിപൂർണ്ണമായും റദ്ദു ചെയ്തു കൊടുക്കാനുള്ള പകപ്രതയെങ്കിലും ആയിയെന്നു പറയാമോ?

ശ്രീ. ബേബി ജോൺ: ഒരു ആഗ്രഹ പ്രകടനം നടത്തുകയല്ല. ഡെബ്റ്റ് റിലീഫ് ആക്റ്റിൽ 3000 രൂപയിൽ താഴെ വരുമാനമുള്ള ആളുകൾക്കു കൊടുക്കാനുള്ള കടം മുഴുവൻ റൈറ്റ് ഓഫ് ചെയ്യുന്നതിനാണ് ഇപ്പോഴത്തെ നിയമത്തിൽ വ്യവസ്ഥയുള്ളത്. ആ രീതിയിൽ ഇവരെ കൊണ്ടുവരണമോ? അതോ വേറെ രീതിയിൽ കൊടുക്കണമോ? 3000 രൂപയിൽ കൂടുതൽ പാട്ടബാക്കിയുള്ളവർക്ക് അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് വൈപ്പ് ഔട്ട് ചെയ്യുന്നതിനു പകരം സാവകാശം കൊടുക്കണമോ? വർഷങ്ങളായി പരമ്പരാഗതമായി കൃഷി ചെയ്തിട്ടുള്ള ഭൂമി പാട്ടബാക്കി വന്നതുകൊണ്ട് ഒഴിപ്പിച്ച് എടുക്കുന്ന സാഹചര്യം ഒഴിവാക്കണം. അങ്ങനെയുള്ള ഈ പറയുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമനിർമ്മാണം ഈ സഭയിൽ കൊണ്ടുവരാമായിരുന്നു.

ശ്രീ. എം. കെ. കൃഷ്ണൻ: കൃഷിക്കാരുടെ കാര്യത്തിൽ അവർക്കൊരു ആശ്വാസം നൽകുന്നതിന് മൂലനിയമത്തിൽ മാറ്റം വരുത്തുന്നതിനോട് അനുകൂലമല്ല. സ്വാഭാവികമായും മൂലനിയമത്തിൽ മാറ്റം വരുത്തിയാൽ 9-ാം ഷെഡ്യൂൾ ഉള്ളതുകൊണ്ട് കൃഷിക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യം കിട്ടുകയില്ലെന്നുള്ള അടിസ്ഥാനത്തിലാണെങ്കിൽ കൃഷി ക്കാരെ രക്ഷിക്കാൻവേണ്ടി മൂലനിയമത്തിൽ മാറ്റം കൊണ്ടുവരാൻ പാടില്ലെന്നാണ്. അങ്ങനെയാണെങ്കിൽ ഇഷ്ടദാനത്തിന്റെകാര്യത്തിൽ ഭേദഗതി കൊണ്ടുവന്ന് അത്തരക്കാരെ രക്ഷിക്കാൻ കഴിയുമായിരുന്നോ?

ശ്രീ. ബേബി ജോൺ: നമ്മൾ തമ്മിൽ അങ്ങനെയൊരുവാദ പ്രതിവാദം വേണമോ? ഇഷ്ടദാനത്തിന് അങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നതുകൊണ്ട് മൂലനിയമത്തിൽ വലിയ ദോഷം ഉണ്ടാവുക യില്ല. 9.ാം ഷെഡ്യൂളിന്റെ പ്രൊട്ടക്ഷൻ ആ ഭേദഗതി ചെയ്യുന്ന വകുപ്പിന് കിട്ടുകയില്ല. അങ്ങനെ ദോഷമുണ്ടെങ്കിൽ ഇഷ്ടദാനം കൊടുക്കുന്നവർ അനുഭവിച്ചുകൊള്ളും. ഇങ്ങനെയൊരു വാദപ്രതിവാദം നമ്മൾ തമ്മിൽ നടത്തുന്നത് ശരിയല്ല. നമ്മുടെ സംസ്ഥാനത്ത് പാട്ടക്കാരെ ഒഴിപ്പിക്കരുതെന്നുള്ള ഒരു നിയമനിർമ്മാണത്തിനാണ് നാം ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

Shri M. Ramappa: The arrears of rent can be collected only at the rate of fair rent.

ശ്രീ. ബേബി ജോൺ: അങ്ങനെ വന്നാൽ അരിയേഴ്സ് ഓഫ് റെൻറിന്റെ കാര്യത്തിൽ ഒരു നിയമനിർമ്മാണം ലാൻറ് റിഫോംസ് ആക്റ്റിൽ ഒക്കുമെന്ന് തോന്നുന്നില്ല. ഡെബ്റ്റ് റിലീഫ് ആക്റ്റിൽ ആണെങ്കിൽ മാത്രമേ സാധിക്കുകയുള്ളു.

Shri M. Ramappa: In K.L.R. Act the arrears of rent are collected at the rate which was prevailing before the enactment of the Act.

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായ ത്തോട് യോജിക്കാൻ സാധിക്കുകയില്ല. കാരണം ഇന്ന് ഈ നിയമത്തിൽ പ്പാട്ടബാക്കി വർഷങ്ങളായി അഞ്ചക്കരിൽ താഴെയുള്ളവർക്ക് ഒരു വർഷവും മറ്റവർക്കു രണ്ടും മൂന്നും വർഷവും എന്നുള്ള രീതിയിൽ സ്കെയിൽ ഡൗൺ ചെയ്തിരുന്നതിന് പ്രൊട്ടക്ഷൻ കിട്ടിയിരുന്നത് 9.ാം ഷെഡ്യൂളിൽ ചേർത്തിരുന്നതുകൊണ്ട് മാത്രമാണ്. മറ്റു ഏതു ഭേദഗതിയും ഇതിൽ വന്നാൽ പ്രൊട്ടക്ഷൻ കിട്ടുകയില്ല. അതുകൊണ്ടാണ് മൂലനിയമ ത്തിൽ ഭേദഗതി വരുത്താൻ സാധിക്കുകയില്ലെന്നു പറയുന്നത്. അതു കൊണ്ടാണ് അതിന് ഗവൺമെൻറ് ഓഫ് ഇൻഡ്യയുടെ അനുവാദം വേണമെന്ന് ലാ ഡിപ്പാർട്ടുമെൻറ് ഉപദേശിച്ചിരിക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കടാശ്വാസ നിയമത്തിന്റെ ഭേഗതി എന്നുള്ള രീതിയിൽ കൊണ്ടുവരാമെന്നല്ലേ പറയുന്നത്. അതിനു കേന്ദ്ര ത്തിന്റെ അനുമതി ആവശ്യമുണ്ടോ?

ശ്രീ. ബേബി ജോൺ: നമ്മൾ ഇപ്പോൾ ഉദ്ദേശിക്കുന്നത് പുതി യൊരു നിയമനിർമ്മാണത്തിനാണ്. The Kerala payment of arrears of rent in instalment, എന്നുള്ള രീതിയിൽ ഉള്ള ഒരു പേര് കൊടുക്കണമെന്ന് ആലോചിക്കുകയാണ്. ഇപ്പോൾ നിലവിലിരിക്കുന്ന ഡെബ്റ്റ് റിലീഫ് ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനെക്കുറിച്ചും ആലോചി ക്കുന്നുണ്ട്, മറ്റേ നിയമത്തിന് കേന്ദ്രഗവൺമെൻറിന്റെ അംഗീകാര.

LIBRARY ARCHIVES Kerala Legislative Assembly

വേണമെന്നാണ് മനസ്സിലാക്കിയിരിക്കുന്നത്. ഇപ്പോഴത്തെ ഡെബ്റ്റ് റിലീഫ് ആക്റ്റിൽ തന്നെ വ്യവസ്ഥചെയ്യാനും കേന്ദ്രഗവർമ്മെണ്ടിന്റെ അംഗീകാരം വേണമെന്നാണ് എനിക്കു കിട്ടിയിരിക്കുന്ന നിയമോപദേശം. അതിനെപ്പറ്റി ഒന്നുകൂടി വിശദമായി പരിശോധിക്കാം. കഴിയുമെങ്കിൽ ഈ സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കാനാണ് ഗവർമ്മെണ്ട് ആഗ്രഹിക്കുന്നത്. കാലതാമസം വരികയാണെങ്കിൽ ഗവർമ്മെണ്ടിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യരുത്. അതിനെ അനിവാര്യമായ കാലതാമസം കൊണ്ട് ഉണ്ടാകുന്നതാണെന്നു മാത്രമേ കരുതാവൂ. വളരെയേറെ സഹതാപമാണ് ഈ പ്രശ്നത്തോട് ഗവർമ്മെണ്ട് കാണിക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഗവർമ്മെണ്ട് നിയമം കൊണ്ടുവരാൻ താമസിക്കുന്നു എന്നു പറയുന്ന ഞങ്ങളുടെ ഉദ്ദേശശുദ്ധിയേയും ചോദ്യം ചെയ്യരുത്.

ശ്രീ. ബേബിജോൺ: ഇഷ്ടാനിഷ്ടങ്ങളും പാട്ടവും തമ്മിൽ കൂട്ടിക്കുഴക്കുന്ന കാര്യത്തിലല്ലാതെ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരുടക്ക് നമ്മെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടില്ല. ഇതിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച ഗവർമ്മെണ്ട് സമീപനം പറഞ്ഞു. ഗവർമ്മെണ്ട് അതിനെ എങ്ങിനെ സമീപിക്കുന്നു എന്നുള്ള കാര്യവും വിശദീകരിച്ചു. ബഹുമാനപ്പെട്ട മെമ്പറോട് അഭ്യർത്ഥിക്കുവാനുള്ളത് ഗവർമ്മെണ്ട് സ്വീകരിച്ചിരിക്കുന്ന ഈ നയത്തിന്റെ അടിസ്ഥാനത്തിൽ പാട്ടബാക്കി പൂർണ്ണമായും റദ്ദു ചെയ്യാൻ ഒക്കുകയില്ലെന്നുള്ളതാണ്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: റവന്യൂ റക്കവറി നടപടിക്ക് ആയിരക്കണക്കിന് കേസ്സുകൾ ഉണ്ടെന്ന് ശ്രീ. ഇ. പി. ഗോപാലൻ പറഞ്ഞതുപോലെ 1500, 2000 രൂപയുടെ റെക്കവറിക്കുള്ള പതിനായിരക്കണക്കിന് കേസ്സുകൾ ഇവിടെ വന്നുകൊണ്ടിരിക്കുന്നുണ്ടല്ലോ. അതിന് നിങ്ങൾ എന്തെങ്കിലും ആശ്വാസം ചെയ്യാമെന്നു പറഞ്ഞാൽ റക്കവറി നടപടി അവിടെ നിൽക്കുകയില്ല. അത് നിയമത്തിനനുസരിച്ച് നടന്നുകൊണ്ടിരിക്കും. അവർക്ക് എന്തു രക്ഷയാണ് കൊടുക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. ബേബിജോൺ: അക്കാര്യം പ്രത്യേക പരിഗണന അർഹിക്കുന്നുണ്ടെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഈ പറഞ്ഞ രീതിയിലുള്ള എന്തെങ്കിലും നടപടി ആവശ്യമാണെങ്കിൽ അതിനും മടിക്കുകയില്ല. നിയമനിർമ്മാണത്തിന് താമസമുണ്ടെങ്കിൽ തൽക്കാലത്തേക്ക് അറിയർ കളക്ഷൻ നിർത്തിവെച്ചിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഒരു നടപടി താമസിയാതെ തന്നെ കൊണ്ടുവരാൻ ശ്രമിക്കുന്നതാണ്. അതാണ് ഈ കാര്യത്തിൽ ഗവർമ്മെണ്ടിന്റെ സമീപനം. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഈ പ്രമേയം പ്രസ് ചെയ്യരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. കൃഷ്ണൻ: ഞാൻ പ്രസ് ചെയ്യുകയാണ്.

The amendment moved by Shri E.K. Pillai was, by leave, withdrawn.

The amendment moved by Shri Cyriac John was, by leave, withdrawn.

The amendment moved by Shri E. P. Gopalan was, by leave, withdrawn.

The resolution moved by Shri M.K. Krishnan was put and lost.

Mr. Deputy Speaker: Order, Order. The house will now adjourn and meet again on Monday at 8.30 a.m.

1979 മാർച്ച് 5-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 8.30നു വീണ്ടും സമ്മേളിക്കുന്നതിനായി സഭ 12.42 നു പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly